**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **03-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) | "ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്കായി നിർദിഷ്ട സ്ഥലവും കെട്ടിടവും ജലവിഭവ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുവാൻ കാലതാമസം നേരിട്ടതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് താമസം നേരിട്ടത്. നിലവിൽ ആദ്യഘട്ടമായി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന്റെ അനന്തരനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി കേരള മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | മ്യൂസിയം സജ്ജീകരണത്തിനായി കേരളം മ്യൂസിയവുമായി പുരാവസ്തുവകുപ്പ് നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തികൾ കേരളം മ്യൂസിയം മുഖേന ആരംഭിക്കുന്നതിലേക്ക് 20% തുക മുൻകൂറായി ലഭ്യമാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ